LIBRARY ARCHIVES Kerala Legislative Assembly

യു.ജി.സി.യുടെ ഗ്രാന്റിനുവേണ്ടി നല്ല കോഴ്സുകൾ ഡിസൈൻ ചെയ്യാനും നോർവെപോലുള്ള വിദേശ രാജ്യങ്ങളിലെ നല്ല മാതൃകകൾ സ്വീകരിച്ചുകൊണ്ട് യു.ജി.സി.-യിൽനിന്ന് അംഗീകാരം നേടിയെടുക്കാനുള്ള ശ്രമങ്ങളും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. കെ. ബാബു : സർ, ഇവിടെയുള്ള കോഴ്സുകൾക്ക് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സംവരണം നൽകുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. 27-ാം തീയതി KUFOS-ന്റെ ഗവേണിംഗ് കൗൺസിലും ജനറൽ കൗൺസിലും ചേരുന്നുണ്ട്. ആ യോഗത്തിൽ ഈ കാര്യത്തിലൊരു തീരുമാനമുണ്ടാകും. തീർച്ചയായും മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ഈ യൂണിവേഴ്സിറ്റിയിൽ പഠിക്കാനുള്ള സംവരണം ഏർപ്പെടുത്തുന്നതാണ്. ഇവിടെ ഇപ്പോൾ യു.ജി.സി. ഗ്രാന്റ്സ് കമ്മീഷന്റെ സഹായം ലഭിക്കുന്നില്ല. അതിന് ഇവിടെ കുറച്ച് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമം നടത്തുകയാണ്. ഇപ്പോൾ ICAR (Indian Council of Agriculture Research)-ന്റെ സഹായവും മിനിസ്ട്രി ഓഫ് എർത്ത് സയൻസിന്റെ സഹായവും ലഭിക്കുന്നുണ്ട്. യു.ജി.സി.-യുടെ വ്യവസ്ഥകൾക്കനുസരിച്ച് എല്ലാ കാര്യങ്ങളും ചിട്ടപ്പെടുത്തി 12 (ബി) നോട്ടിഫിക്കേഷനുവേണ്ടി യൂണിവേഴ്സിറ്റി ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

2. ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ

ഡോ: കെ. ടി. ജലീൽ : സർ, അതീവ ഗൗരവതരമായിട്ടുള്ളൊരു കാര്യമാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിലേക്ക് ഞാൻ കൊണ്ടുവരുന്നത്. 50 കൊല്ലക്കാലത്തെ തിരൂർ-പൊന്നാനി താലൂക്കുകളിൽ അതിവസിക്കുന്ന ജനങ്ങളുടെ സ്വപ്നമാണ് ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമായതിലൂടെ പൂവണിഞ്ഞത്. 30 വർഷംമുമ്പ് ഈ പദ്ധതിയുടെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിരുന്നു. മലപ്പുറം ജില്ലയുടെ രണ്ട് താലൂക്കുകളുടെയും പാലക്കാട് ജില്ലയുടെ പൊന്നാനി മേഖലയോട് ചേർന്ന്കിടക്കുന്ന പ്രദേശങ്ങളുടെയും കുടിവെള്ളക്ഷാമ പരിഹാരവും, പതിനായിരം ഹെക്ടർ കാർഷിക നിലങ്ങളിലേയ്ക്കുള്ള ജലസേചനവും, ജനങ്ങളുടെ ഗതാഗത സൗകര്യ വർദ്ധനവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ജലസേചന വകുപ്പ് ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പണി പൂർത്തിയാക്കിയത് യുദ്ധകാല അടിസ്ഥാനത്തിലായിരുന്നു. മുൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ അതീവ താൽപര്യത്തിലും മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അകമഴിഞ്ഞ സഹകരണത്തോടെയുമാണ് ചമ്രവട്ടം പദ്ധതി യാഥാർത്ഥ്യമാക്കാനായത്. ഈ സർക്കാർ വന്നതിനുശേഷം വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിനോട് അനുബന്ധിച്ച റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ പണം അനുവദിച്ചു എന്നുള്ളകാര്യം ഞാൻ വിസ്മരിക്കുന്നില്ല. 2009 ഡിസംബറിൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി തുടങ്ങി. 2012 മേയ് 17-ന് അങ്ങയുടെ അദ്ധ്യക്ഷതയിൽ ബഹുമാന്യനായ മുഖ്യമന്ത്രി

ഉമ്മൻ ചാണ്ടിയാണ് ജനങ്ങൾക്കായി ഈ പദ്ധതി നാടിന് സമർപ്പിച്ചത്. 144.65 കോടി രൂപ ഇതിനായി ചെലവിട്ടു. 95.12 കോടി രൂപ നബാർഡ് ഫണ്ട് പൂർണ്ണമായും ചെലവഴിച്ചാണ് പദ്ധതി പൂർത്തിയാക്കിയത്. പണി പൂർത്തിയായി 2012-13 വേനൽക്കാലത്ത് ജലസംഭരണത്തിനായി 1-11-2012-ൽ ഷട്ടറുകൾ മുഴുവൻ താഴ്ത്തി. 10-11-2012-ന് ഒരു ചെറിയ ചോർച്ച ശ്രദ്ധയിൽ പെടുകയുണ്ടായി. ഇതിനെത്തുടർന്ന് 3-12-2012-ന് ടെക്നിക്കൽ കമ്മിറ്റി സ്ഥലം സന്ദർശിച്ച് പ്രത്യേകം യോഗം ചേർന്നു. റെഗുലേറ്ററിന്റെ താഴ്ഭാഗത്ത് ഹാർബർ എഞ്ചിനീയറിംഗ് വിഭാഗമുൾപ്പെടെ വ്യാപകമായി മണലെടുക്കുന്നതാണ് ചോർച്ചയ്ക്ക് കാരണമെന്ന പ്രാഥമിക നിഗമനത്തിലാണ് കമ്മിറ്റി എത്തിയത്. ഷട്ടർ കഴിഞ്ഞുള്ള ഭാഗത്ത് വലിയ കോൺക്രീറ്റ് ബ്ലോക്കുകൾ താഴ്ന്നുപോയിടത്ത് ലോഹത്തിന്റെ നെറ്റ് ബ്ലോക്കുകളിൽ കരിങ്കല്ല് നിറച്ച് നിരപ്പാക്കാൻ അവർ നിർദ്ദേശിച്ചു. താത്കാലികമായി ചോർച്ച അടയ്ക്കാൻ ബന്ധപ്പെട്ട കോൺട്രാക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. 2-4-2013-ന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി ബഹുമാന്യനായ അങ്ങയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയുണ്ടായി. പദ്ധതി പ്രദേശത്ത് നിന്നും മണലെടുപ്പ് നിരോധിക്കാൻ കളക്ടറോട് ആവശ്യപ്പെടാൻ പ്രസ്തുത യോഗം തീരുമാനിക്കുകയും ചെയ്തിരുന്നു. ചോർച്ച താത്കാലികമായി അടച്ച് ഷട്ടറുകൾ താഴ്ത്തി ആ വേനൽക്കാലം മുഴുവൻ ജലസംഭരണം നടത്താനും സാധിച്ചു. 2013-14 വേനൽക്കാലത്ത് ജലസംഭരണത്തിനായി 15-11-2013-ന് ഷട്ടറുകൾ വീണ്ടും അടച്ചു. 13-12-2013-ന് വീണ്ടും മുൻവർഷത്തെപ്പോലെ ചോർച്ച കാണപ്പെട്ടു. 4-2-2014-ന് ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും ഒരു സീസൺകൂടി കാത്തിരുന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തെക്കുറിച്ച് ഒരു പഠനം നടത്തി പരിഹാരം നിർദ്ദേശിക്കാൻ തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധൻമാരുടെ സേവനം തേടണമെന്ന് ഇറിഗേഷന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചതിനെത്തുടർന്ന് അപ്രകാരം വിദഗ്ദ്ധർ സ്ഥലം സന്ദർശിച്ച് 21-5-2014-ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തൽസംബന്ധമായ പ്രാഥമിക കണ്ടെത്തലുകൾ സമർപ്പിക്കുകയുമുണ്ടായി. കൂടുതൽ പഠനം ഇക്കാര്യത്തിൽ വേണമെന്നും അതിനായി പദ്ധതി പ്രദേശത്ത് ട്രയൽ ബോറിംഗ് ചെയ്യണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ജൂലായ് മാസത്തിൽത്തന്നെ ശാശ്വതമായ പുനരുദ്ധാരണ പദ്ധതിയുടെ ഡിസൈൻ സമർപ്പിക്കണമെന്നും വിദഗ്ദ്ധർ യോഗത്തിൽ അറിയിച്ചു. അതുപ്രകാരം ട്രയൽ ബോറിംഗ് പൂർത്തിയാക്കി. ശാശ്വത പരിഹാരം സാദ്ധ്യമാക്കാൻ ഷീറ്റ് പൈലിംഗ് നടത്തിയാലല്ലാതെ ജലസംഭരണം സാദ്ധ്യമാവില്ലെന്ന അഭിപ്രായമാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഇതിനായി 20 കോടി രൂപയാണ് ഇനിയും അധികമായി ആവശ്യം വരുന്നത്. ഇനിയും അടുത്ത ഒരു വേനൽക്കാലത്തേയ്ക്ക് കൂടി പരീക്ഷണത്തിന് പോകാതെ എത്രയും വേഗം ഷീറ്റ് പൈലിംഗ് നടത്താൻ ആവശ്യമായ തുക അങ്ങയുടെ ഡിപ്പാർട്ട്മെന്റിൽനിന്ന് അനുവദിച്ച് കിട്ടണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ചമ്രവട്ടം റെഗുലേറ്ററിന്റെ ജലനിരപ്പ് അധികം 3.75 മീറ്ററായി ഉയർന്നപ്പോൾ ചോർച്ച കാണുകയുണ്ടായി. ഇതേ തുടർന്ന് ഏതാനും ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുകയും കൂടുതൽ വിശദമായി പരിശോധിക്കുകയും ചെയ്തു. അനിയന്ത്രിതമായ മണലെടുപ്പുമൂലം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതുമൂലമുള്ള പൈപ്പിംഗ് പ്രതിഭാസമാണ് ചോർച്ചയുടെ കാരണമെന്ന് വിലയിരുത്തുകയുണ്ടായി. താഴ്ഭാഗത്തെ താഴ്ന്ന ബ്ലോക്ക് ലൂസ് അപ്രോണുകൾ പുനഃസ്ഥാപിക്കുന്നതിന് രണ്ട് സീസണുകൾ നോക്കിയതിനുശേഷം ഷീറ്റ് പൈലിംഗ് നടത്തുന്നതിനും മണലെടുപ്പ് നിരോധിക്കുന്നതിനും പദ്ധതി പ്രദേശം ഡാം സുരക്ഷാ അതോറിറ്റിയുടെ പരിധിയിലുൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. മണലെടുപ്പ് പൂർണ്ണമായും നിരോധിക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ താഴ്ന്ന ബ്ലോക്ക് ലൂസ് അപ്രോണുകൾ കരിങ്കൽ നിറച്ച ഗാബിയോൺ ഉപയോഗിച്ച് പൂർവ്വനിരപ്പ് പുനഃസ്ഥാപിക്കുന്നതിനും ആവശ്യമെങ്കിൽ രണ്ടാംഘട്ടമെന്ന നിലയ്ക്ക് മുകൾ ഭാഗത്ത് അധികമായ ഷീറ്റ് പൈലുകൾ അടിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ, ഈ വിഷയം കൂടുതൽ വിശദമായി പഠിക്കുവാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ഏൽപ്പിക്കുകയും 10-5-2014 -ന് അവർ സ്ഥലം സന്ദർശിക്കുകയും ചെയ്തു. 21-5-2014 -ന് പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ അനിയന്ത്രിതമായ മണൽവാരൽമൂലം പുഴയുടെ അടിത്തട്ട് താഴ്ന്നത് കാരണം ഡിസൈന് ആധാരമാക്കിയ സാഹചര്യങ്ങൾ മാറിയിട്ടുണ്ടെന്നും നിലവിലുള്ള ഡിസൈൻ ഉപരിതല ഒഴുക്കിനെയും ഭൂഗർഭ ഒഴുക്കിനെയും വേണ്ടവണ്ണം തടുക്കാൻ പര്യാപ്തമല്ലെന്നും ഇത് പരിഹരിക്കണമെന്നും അഭിപ്രായപ്പെട്ടു. 4-6-2014 മുതൽ മണ്ണ് പരിശോധന ആരംഭിച്ചിട്ടുണ്ട്. ജൂലൈ 31-നകം റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ സാങ്കേതിക സമിതികൂടി വിലയിരുത്തുകയും ഡൽഹി ഐ.ഐ.ടി.-യിൽനിന്നുള്ള റിപ്പോർട്ടിന്മേൽ അഭിപ്രായം ആരായാൻ ഉദ്ദേശിക്കുന്നുമുണ്ട്. മേൽപ്പറഞ്ഞ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി ആവശ്യമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും ഒരു പൈസപോലും ചമ്രവട്ടം പദ്ധതിയുടെ നിർവ്വഹണ ചെലവിലേക്കായി നീക്കി വച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിന് ആവശ്യമായ തുകപോലും ഇല്ലാത്ത അവസ്ഥയാണുള്ളത്. പണം അടയ്ക്കാത്തതുകൊണ്ട് പാലത്തിലുള്ള തെരുവുവിളക്കുകൾക്കുള്ള കണക്ഷൻ പോലും കെ.എസ്.ഇ.ബി. വിച്ഛേദിച്ചിരിക്കുകയാണ്. ഷട്ടർ ഓപ്പറേഷൻ ചെയ്യാനുള്ള ജനറേറ്ററുകളുടെ ഡീസലിനുപോലും പണമില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഓപ്പറേറ്റർമാരുടെ വേതനം ഇക്കാലമത്രയായിട്ടും നൽകിയിട്ടില്ല. ജലസേചന വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നെങ്കിലും വൈദ്യുതി ചാർജ്ജടയ്ക്കാനും ജനറേറ്ററിന് ഡീസലടിക്കാനും ഓപ്പറേറ്റർമാരുടെ ഇന്നേവരെയുള്ള വേതനം നൽകാനും അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ ആവശ്യങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly